# വ്യാവസായിക പരിശീലന വകുപ്പ്, കേരളം

## സർക്കാർ വ്യാവസായിക പരിശീലന കേന്ദ്രം

# പ്രവേശന സഹായി 2020

- കേരളത്തിലെ 99 ഗവ: ഐ.ടി.ഐകളിൽ ഏതിലേയും പ്രവേശനത്തിന് പോർട്ടലിലൂടെ ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതി.വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രൊസ്പെക്ടസ് വായിച്ചശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക.
- പോർട്ടൽ വിലാസം: https://www.itiadmissions.kerala.gov.in
- ആദ്യമായി പോർട്ടൽ സന്ദർശിക്കുന്നവർക്ക് **Apply Now »** മുഖേനയും, ഒരിക്കൽ രജിസ്റ്റർ ചെയ്തവർക്ക് **LOGIN** ബട്ടൺ വഴിയും മുന്നോട്ട് പോകാവുന്നതാണ്.




- ഒരിക്കൽ രജിസ്റ്റർ ചെയ്തവർക്ക് **Already Registered?** ബട്ടൺ വഴി ലോഗിൻ പേജിലേക്കെത്താം.
  - ആദ്യമായി രജിസ്റ്റർ ചെയ്യുന്നവർക്ക് പേര്, മൊബൈൽ നമ്പർ, പോർട്ടലിലേക്കുള്ള പാസ്സ് വേഡ് എന്നിവ നല്കി രജിസ്റ്റർ ചെയ്യാവുന്നതാണ്.
    - o പത്താം തരം സർട്ടിഫിക്കറ്റിൽ ഉള്ള പ്രകാരം, ഇനിഷ്യലുകൾ സഹിതം പേര് നൽകുക.
    - o ഇവിടെ നല്കുന്ന മൊബൈൽ നമ്പർ ആയിരിക്കും പോർട്ടലിലെ താങ്കളുടെ യൂസർ നെയിം. ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു അപേക്ഷ മാത്രമെ സമർപ്പിക്കാൻ സാധിക്കയുള്ളു.
    - o ഇ--മെയിൽ വിലാസം നൽകുക.
    - o പാസ്സ് വേഡ് രണ്ടുതവണ നൽകുക.
    - o **Register Now** ബട്ടൺ അമർത്തിയാൽ രജിസ്ട്രേഷൻ പൂർത്തിയായി.

    രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് വിജയപ്രദമായി രജിസ്റ്റർ ചെയ്തു എന്ന് SMS ഉടൻ ലഭിക്കുന്നതാണ്. തുറന്നുവരുന്ന പേജിൽ ഫിൽ അപ്ലിക്കേഷൻ എന്ന ബട്ടൺ അമർത്തുക.

**അപേക്ഷാ ഫോമിന്റെ ആദ്യ പേജ് (#1 – Personal & Qualification info) തുറന്നുവരും**


#1 - Personal & Qualification Info
Select Matric Scheme: Select Matric Scheme
Year of Matric Exam Attended: Select Year/Select Others
Reg. No. as on Certificate: ENTER REGISTER NO. | Search
Previously Studied in Govt. ITI: Select Previously Studied in Govt. ITI?*

- പത്താം തരം / തുല്ല്യത പഠിച്ച സ്കീം തിരഞ്ഞെടുക്കുക.
  - SSLC, THSLC or Others. കേരള സംസ്ഥാന സിലബസ് പ്രകാരം പഠിച്ചവർ മാത്രം SSLC തിരഞ്ഞെടുക്കേണ്ടതാണ്. സി ബി. എസ്. സി തുടങ്ങി മറ്റേത് സ്കീം പഠിച്ചവർക്കും Others തിരഞ്ഞെടുക്കാം
  - 2013 ലോ അതിന് ശേഷമോ പത്താംതരം വിജയിച്ചവർ, വിജയിച്ച വർഷവും അതിന് മുൻപ് വിജയിച്ചവർ Not in list എന്നും തിരഞ്ഞെടുക്കുക.


Select Matric Scheme: SSLC
Year of Matric Exam Attended: Not In List
Applicant Name as in SSLC/SSC*: SREEJITH T V
Date of Birth*: Select YY | Select MM | Select DD
Gender*: Select Gender*
Father's Name*: ENTER FATHER'S NAME*
Mother's Name*: ENTER MOTHER'S NAME*
Guardian's Name*: ENTER GUARDIAN'S NAME*


10th Pass/Fail: Select 10th Pass/Fail

- ഇതര സിലബസ്സുകളിൽ പഠിച്ചവർക്കും, ഇതര വർഷങ്ങളിൽ വിജയിച്ചവർക്കും പരീക്ഷ എഴുതിയ എല്ലാം സ്കീം തെരഞ്ഞെടുത്ത ശേഷം നേരിട്ട് മാർക്ക് / ഗ്രേഡ് പൂരിപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിലുള്ള പ്രകാരം പേര് , ജനന തീയതി, ലിംഗം (ആൺ, പെൺ, ഭിന്നലിംഗം), മാതാപിതാക്കളുടെ പേര് , രക്ഷാകർത്താവിൻറെ പേര് എന്നിവ പൂരിപ്പിക്കുക.


10th Pass/Fail: 10th Pass
Exam Scheme: SSC(Mark) 1986/2004
Physics: Physics (Max
Chemistry: Chemistry (M
Maths I: Maths I (Max
Maths II: Maths II (Max
English I: English I(Max
English II: English II Max
Select HS Scheme: Plus 2 -State Board
Year of HS Exam: Not Listed
Reg. No. as on Certificate: ENTER REGISTER NO. | Search
Plus 2 Pass/Fail*: Plus 2 Pass
Previously Studied in Govt. ITI: Yes
Select ITI Name: Select Previously Studied ITI Name

- 2013 ലോ അതിന് ശേഷമോ പത്താംതരം കേരള സിലബസിൽ പഠിച്ചവർക്ക് പരീക്ഷ എഴുതിയ വർഷവും രജിസ്റ്റർ നമ്പറും നൽകി സെർച്ച് ബട്ടൺ അമർത്തിയാൽ മാർക്ക്, പേര് , ജനന തീയതി, മാതപിതാക്കളുടെ പേര് ,ലിംഗം എന്നിവ സ്വയം പൂരിപ്പിക്കപ്പെടുന്നതാണ്. 2019, 2020 വർഷങ്ങളിൽ സംസ്ഥാന സിലബസ്സിൽ +2 / VHSE പരീക്ഷ എഴുതിയ വർക്ക് രജിസ്റ്റർ നമ്പർ നൽകാവുന്നതാണ്.
  - ആധാർ നമ്പർ, ബ്ലഡ് ഗ്രൂപ്പ്, എന്നിവ പൂരിപ്പിക്കുക.
  - മതം, ജാതി എന്നിവ തിരഞ്ഞെടുക്കുക. (മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന എല്ലാ ജാതികളിൽ ഉൾപ്പെട്ടവരും ജാതി സർട്ടിഫിക്കറ്റ് പ്രത്യേകം ഹാജരാക്കേണ്ടതാണ്).

ഏതെങ്കിലും സർക്കാർ ഐ.ടി.ഐയിൽ പഠിച്ചിട്ടുണ്ടെങ്കിൽ ഐ.ടി.ഐയുടെ പേര് തിരഞ്ഞെടുക്കുക. (ആദ്യമായി പ്രവേശനം നേടുന്നവർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രമേ ഒരിക്കൽ പഠിച്ചവരെ പരിഗണിക്കുകയുള്ളു).

**രണ്ടാം പേജിൽ (#2 – Communication Info) ആശയവിനിമയത്തിനുള്ള വിവരങ്ങളാണ് നല്കേണ്ടത്.**



#2 - Communication Info

Permenant Address* [Enter Permenant Address*]

Country Name* [Select Country] | State Name* [Select State *] | District Name* [Select District/]

Post Office* select id,name from postoffice where districtid='' [Select Post *] | Pin Code* [ ]

Communication Address* ☐Copy Above [Enter Communication Address*]

Country Name* [Select Country] | State Name* [Select State *] | District Name* [Select District/]

Post Office* select id,name from postoffice where districtid='' [ ] | Pin Code* [ ]

EMail Address [tvsreejithofficial@gmail.com] | Phone/Landline [ENTER PHONE NUMBER] | Mobile [9562738818]

- o സ്ഥിരം വിലാസവും ആശയവിനിമയത്തിനുള്ള വിലാസവും നല്കാം. രണ്ടും ഒന്നുതന്നെ ആണെങ്കിൽ കമ്മൂണിക്കേഷൻ അഡ്രസ്സിന് സമീപമുള്ള ചെക്ക് ബോക്സിൽ ഒരുതവണ ക്ലിക്ക് ചെയ്താൽ മതിയാകും.
- o രജിസ്റ്റർ ചെയ്യുമ്പോൾ നല്കിയ മൊബൈൽ നമ്പർ ഇ-മെയിൽ വിലാസം എന്നിവയ്ക്ക് പുറമെ ലാൻറ് ഫോൺ നമ്പർ കൂടി നല്കാവുന്നതാണ്.

**മൂന്നാമത്തെ പേജിൽ (#3 – Other Info) പ്രത്യേക സംവരണാനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നല്കാവുന്നതാണ്.**

- o ജവാനോ ജവാൻറെ ആശ്രിതനോ (പ്രോസ്പെക്ടസ് പരിശോധിച്ച് ശരിയായ സെലക്ഷൻ നടത്തുക)
- o എൻ സി സി സർട്ടിഫിക്കറ്റ്
- o സംസ്ഥാന യുവജനോത്സവത്തിൽ ഒന്നോ രണ്ടോ സ്ഥാനങ്ങൾ. (ഗ്രേഡുകൾക്ക് പ്രത്യേകം മാർക്ക് ഇല്ല, സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള സ്ഥാനങ്ങൾക്ക് മാത്രമെ ഉള്ളു.)
- o പ്രത്യേക പരിഗണന നല്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ബ്ലോക്കിൽ നിന്നുള്ളവർ. സർട്ടിഫിക്കറ്റിൻറെ വിശദാംശങ്ങൾ കൂടി നല്കുക. (പ്രസ്തുത ബ്ലോക്ക് പരിധിയിൽ ജനിച്ചവർക്കും 5 വർഷമൊ അധികമൊ ആയി താമസിക്കുന്നവർക്കും സർട്ടിഫിക്കറ്റിൻറെ പിന്തുണയോടെ അവകാശപ്പെടാം. ബ്ലോക്കുകളുടെ പട്ടിക പ്രോസ്പെക്ടസിൽ പരിശോധിക്കുക)
- o മുന്നോക്കക്കാരിലെ (മറ്റ് സംവരണങ്ങൾക്ക് അർഹരല്ലാത്തവരിലെ) സാമ്പത്തിക പിന്നോക്കക്കാർ. സർട്ടിഫിക്കറ്റിൻറെ വിശദാംശങ്ങൾ കൂടി നല്കുക.
- o ദിവ്യാംഗർ (മെഡിക്കൽ ബോർഡിൻറെ സർട്ടിഫിക്കറ്റ് ഹാജരാക്കണം)
- o 2017 ലെ ഓഖി ദുരന്തത്തിൽ കാണാതായ / മരിച്ചവരുടെ മക്കൾ.
- o മ്യാൻമാർ, ശ്രീലങ്ക, ഉഗാണ്ട എന്നിവിടങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരോ അവരുടെ പിന്മുറക്കാരോ.
- o രാഷ്ട്രപതിയിൽ നിന്നും സ്കൗട്ട് / ഗൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചവർ (ഗവർണറിൽ നിന്നും ലഭിച്ചവരല്ല)
- • സർക്കാർ അംഗീകൃത അനാഥാലയത്തിലെ അന്തേവാസി.
- o സർക്കാർ ടെക്കനിക്കൽ ഹൈസ്കൂളിൽ പഠിച്ചവർ.
- o സ്പോർട്സ് ക്വാട്ട (ജില്ലാ സ്പോർട്സ് കൗൺസിൽ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്)
- o സാമൂഹ്യ നീതി വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ അന്തേവാസികൾ.
- o ആംഗ്ലോ ഇന്ത്യൻ.
- o ലക്ഷദ്വീപ്, ആൻറമാൻദ്വീപ്,മിനികോയി നിവാസികൾ.
- o മാഹി നിവാസികൾ.
- o ഭാഷാ ന്യൂനപക്ഷം (തമിഴ് / കന്നട)

**നാലാമത്തെ പേജിൽ (#4 – ITI Options) അപേക്ഷിക്കാൻ താത്പര്യമുള്ള ഐ ടി ഐ കളും മുൻഗണനാ ക്രമത്തിൽ നല്കാവുന്നതാണ്.**

- ഓരോ സ്ഥാപനത്തിലും ഈ വർഷം പ്രവേശനം നടത്തുന്ന ട്രേഡുകൾ അറിയുന്നതിന് പ്രോസ്പെക്ടസ് പരിശോധിക്കുക.
- പ്രസ്തുത സ്ഥാപനങ്ങളിലെ ട്രേഡ് ഒപ്ഷനുകൾ പ്രവേശന സമയം നേരിട്ട് നല്കാവുന്നതാണ്.

അഞ്ചാം പേജിൽ (#5 – Self Declaration) സത്യപ്രസ്താവനയുടെ ടിക് ബോക്സ് തിരഞ്ഞെടുത്ത ശേഷം സമർപ്പിക്കുക (SUBMIT).

**അപേക്ഷാ ഫീസ് ആയ നൂറു രൂപ (100/-) ഓൺലൈൻ വഴി അടയ്ക്കുന്നതോടെ മാത്രമെ അപേക്ഷ സമർപ്പണം പൂർത്തിയാവുന്നുള്ളൂ.**